വർഷം 20 ബ്ലോക്കുകളിലും ശേഷിക്കുന്ന 23 ബ്ലോക്കുകളിൽ 2000-2001 വർഷവുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ലിസ്റ്റ് അനുബന്ധമായി[+] ചേർക്കുന്നു.

(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

69 (2217) നെടുമങ്ങാട് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടിനൽകുമോ:

(എ) നെടുമങ്ങാട് ബ്ലോക്കിൽ എന്നാണ് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് അനുവദിച്ചത്; ഇതിന്റെ കീഴിൽ എത്ര അംഗൻവാടി കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ കേന്ദ്രത്തിലേക്ക് എത്ര വർക്കർ, ഹെൽപ്പർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ വേക്കൻസികളിലെ നിയമനത്തിന് ഏതെല്ലാം പത്രങ്ങളിലൂടെ എന്നാണ് അപേക്ഷ ക്ഷണിച്ചത്;

(ഡി) ഇതിൻ പ്രകാരം ഓരോ വിഭാഗത്തിനും എത്ര അപേക്ഷകൾ ലഭിച്ചു; പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്ക് പട്ടികജാതിയിൽപ്പെട്ട എത്ര പേരുടെ അപേക്ഷകൾ ലഭിച്ചു;

(എഫ്) അപേക്ഷകരിൽനിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുവാൻ സർക്കാർ എന്നാണ് കമ്മിറ്റിയെ നിയോഗിച്ചത്; ഈ കമ്മിറ്റിയിൽ എത്ര പേർ ഉണ്ടായിരുന്നു; ആരെല്ലാം;

(ജി) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ എം.എൽ.എ. ഒഴികെ മറ്റെല്ലാവരും സി.പി.ഐ(എം)പാർട്ടിയിൽപ്പെട്ടവരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പ്രസ്തുത കമ്മിറ്റിയിൽ പട്ടികജാതിയിൽപ്പെട്ട ആരെങ്കിലും ഉണ്ടായിരുന്നോ;

(ഐ) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ നിന്നും ഒരാളെ മാറ്റി പകരം വേറെ ഒരാളെ നിയോഗിച്ചതിന് കാരണം വ്യക്തമാക്കുമോ;

(ജെ) സർക്കാർ രൂപീകരിച്ച കമ്മിറ്റിയെക്കുറിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എന്തെങ്കിലും പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(കെ) എന്നാണ് അംഗൻവാടിയിലേക്കുള്ള നിയമനത്തിന് ഇന്റർവ്യൂ ആരംഭിച്ചതെന്നും എത്ര ദിവസം ഇന്റർവ്യൂ നീണ്ടു നിന്നു എന്നും ഓരോ ദിവസവും ഹാജരായ ഉദ്യോഗാർത്ഥികൾ എത്രയെന്നും വിശദമാക്കുമോ;

(എൽ) ഇന്റർവ്യൂ സമയത്ത് എക്സ്പർട്ടുകളെ ആരെയെങ്കിലും ഇന്റർവ്യൂ കമ്മിറ്റിയിലേക്ക് വിളിച്ചിരുന്നോ;

(എം) ഇന്റർവ്യൂ നടത്തേണ്ട വിധത്തെപറ്റിയും അംഗങ്ങളുടെ യോഗ്യതയെപ്പറ്റിയും കമ്മിറ്റി മെമ്പർമാർ ആരൊക്കെയായിരിക്കണം എന്നതിനെ

[+] അനുബന്ധം XVII (1,2)

1147/2010.

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഈ നിയമനങ്ങൾ ഇവിടെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(എൻ) ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ ലിസ്റ്റ് ആയിട്ടുണ്ടോ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കും;

(ഒ) ഐ.സി.ഡി.എസ്(അംഗൻവാടി) സെന്ററുകൾ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-8-99 ലെ ജി.ഒ. (എം.എസ്.) 36/99/ സാ.ക്ഷേ.വ പ്രകാരമാണ് നെടുമങ്ങാട് ബ്ളോക്കിൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് അനുവദിച്ചത്. ടി പ്രോജക്ടിന്റെ കീഴിൽ 147 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്.

(ബി) നെടുമങ്ങാട് ഐ.സി.ഡി.എസ്. പ്രോജക്ടിലേക്ക് 147-വർക്കർമാരുടേയും 147 ഹെൽപ്പർമാരുടേയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി)&(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) 7-10-99 ലെ ജി.ഒ. (എം.എസ്) 41/99/ സാ.ക്ഷേ.വ. 7-12-99 ലെ ജി.ഒ. (എം.എസ്.) 55/99/ സാ.ക്ഷേ.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ചത്. ടി കമ്മിറ്റിയിൽ 11 അംഗങ്ങളുണ്ട്. ഇവർ താഴെ പറയുന്നവരാണ്.

1.	ജില്ലാ കളക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയോ	- ചെയർമാൻ
2.	പദ്ധതി പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.പി അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി	- മെമ്പർ
3.	പദ്ധതി പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.	- മെമ്പർ
4.	പദ്ധതി പ്രദേശത്തെ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്	- മെമ്പർ
5.	ശ്രീ. ആർ. ശിവരാജൻ, കരകുളം പഞ്ചായത്ത് പ്രസിഡന്റ്	- മെമ്പർ
6.	ശ്രീമതി നബീസത്ത് അഷറഫ്, പ്രസിഡന്റ് പനവൂർ പഞ്ചായത്ത്	- മെമ്പർ
7.	ശ്രീമതി വി.അംബിളി, ജില്ലാ പഞ്ചായത്ത് മെമ്പർ അരവിന്ദ വിലാസം, കാരാട്, കല്ലയം പി.ഒ	- മെമ്പർ
8.	ശ്രീമതി കെ. സരസമ്മ, കുമാരിഭവൻ, നെട്ടോട് ആനാട് പി.ഒ	- മെമ്പർ
9.	ശ്രീ. കെ. വാസുദേവൻ, പങ്കജ് ഭവൻ പന്തലകോട്	- മെമ്പർ
10.	ശ്രീ. പി. പ്രഭാകരൻ, സുൽത്താൻ സ്മാരക മന്ദിരം സി.പി.ഐ. മണ്ഡലം ഓഫീസ്, മാർക്കറ്റ് ജംഗ്ഷൻ, നെടുമങ്ങാട്	- മെമ്പർ
11.	ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ	- മെമ്പർ/

LIBRARY ARCHIVES Kerala Legislative Assembly

കൺവീനർ

(ജി) ഇല്ല.

(എച്ച്) സെലക്ഷൻ കമ്മിറ്റിയുടെ രൂപീകരണം ജാതി പ്രാതിനിധ്യം കണക്കിലെടുത്തല്ലാത്തതിനാൽ ഈ കമ്മിറ്റിയിൽ പട്ടികജാതിയിൽപ്പെട്ട ആരെങ്കിലും ഉണ്ടോ എന്ന വിവരം ലഭ്യമല്ല.

(ഐ) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ ഉണ്ടായിരുന്ന ഒരാൾക്ക് കമ്മിറ്റിയിൽ തുടരുന്നതിന് അസൗകര്യം ഉണ്ടായതുമൂലമാണ് അയാളെ മാറ്റി പകരം മറ്റൊരാളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്.

(ജെ)&(കെ) വിവരം ശേഖരിച്ചുവരുന്നു.

(എൽ) ഇന്റർവ്യൂ സമയത്ത് സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങളെയല്ലാതെ മറ്റാരേയും ക്ഷണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എം) അംഗൻവാടികളിലേക്ക് വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്നതിന് തെരഞ്ഞെടുപ്പ് സമിതികൾ രൂപീകരിക്കണമെന്നു മാത്രമേ കേന്ദ്ര ഐ.സി.ഡി.എസ്. മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ളൂ. അതനുസരിച്ച് സംസ്ഥാനത്ത് സർക്കാർ രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റികളാണ് അംഗൻവാടി പ്രവർത്തകരെ തെരഞ്ഞെടുക്കുന്നത്.

(എൻ) ലിസ്റ്റ് പൂർത്തിയായിട്ടില്ല.

(ഒ) സെലക്ഷൻ ലിസ്റ്റ് സാമൂഹ്യ ക്ഷേമ ഡയറക്ടർ അംഗീകരിച്ചതിനുശേഷം ഒ.പി.നം. 32416/99 ലെ വിധിയുടെ അടിസ്ഥാനത്തിൽ അംഗൻവാടി പ്രവർത്തകരെ നിയമിച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

70 (2218) കായംകുളം മണ്ഡലത്തിലെ 'പ്രോത്സാഹൻ സങ്കേത്'

<u>ശ്രീ. ജി. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഭഗവതിപ്പടിക്കടുത്തുള്ള മന്ദബുദ്ധികളായ കുട്ടികളെ പരിചരിച്ച് വിദ്യാഭ്യാസം നൽകുന്ന 'പ്രോത്സാഹൻ സങ്കേത്' എന്ന ജീവകാരുണ്യ സ്ഥാപനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന് സാമൂഹ്യക്ഷേമ വകുപ്പ് ഇപ്പോൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) 'പ്രോത്സാഹൻ സങ്കേതി' ന് കായംകുളം ടൗണിൽ ഒരു സെന്റർ ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 'പ്രോത്സാഹൻ സങ്കേതി'ന് ആവശ്യമായ പരിശോധന നടത്തി കേരള സർക്കാരിൽ നിന്നും കിട്ടേണ്ട ന്യായമായ സഹായങ്ങൾ ശുപാർശ ചെയ്യണമെന്ന് കാണിച്ച് ബഹു.മന്ത്രിക്ക് കായംകുളം എം.എൽ.എ.വഴി നൽകിയ നിവേദനങ്ങളിൻമേൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

6. Alleppey CM&MCS Ltd.No 241	186839/-
7. Bharath CM&MCS Ltd.No 526	218472/-
8. Kerala State Coir Corporation Ltd.Alleppey	259187/-
9. Kerala CM&MCS Ltd.No 346	864927/-
10. Panavally CM&MCS Ltd.No 520	96388/-
11. Indira Priyadarsini CM&MCS Ltd.No754	143231/-
12. Labourers CM&MCS Ltd.No 733	1124478/-
13. Alleppey CM&MCS Ltd.No 753	39369/-
14. Travancore CM&MCS Ltd.No 747	20474/-
15. Karappuram CM&MCS Ltd.No 889	101179/-
16. Sarvodayapuram SSCMPCS Ltd.No.993	38639/-
17. Alleppey SSCMMCS Ltd.No.743	308917/-
Total	38,33,393/-

അനുബന്ധം XVII (1)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 68 (2216) ന്റെ ഉത്തരം കാണുക)

WB assisted ICDS Phase III New Projects Y1-20 Projects

Sl.No.	*Name of Projects*	*District*	*No.of AWCs*
1.	Nedumangad	Thiruvananthapuram	147
2.	Karunagappally	Kollam	181
3.	Mallappally	Pathanamthitta	115
4.	Veliyanad	Alappuzha	90
5.	Ariyad	Alappuzha	111
6.	Kaduthuruthy	Kottayam	156
7.	Pallam	Kottayam	234
8.	Vahavoor	Kottayam	109
9.	Parakkadavu	Ernakulam	127
10.	Vazhakulam	Ernakulam	177
11.	Pampakkuda	Ernakulam	92
12.	Koovappady	Ernakulam	133
13.	Puzhakkal	Trissur	164
14.	Ollukkara	Trissur	225
15.	Malampuzha	Palakkad	167
16.	Chelannoor	Kozhikode	183
17.	Kunnummal	Kozhikode	175
18.	Panthalayani	Kozhikode	165
19.	Kozhikode(R)	Kozhikode	257
20.	Neeleswaram	Kasaragod	237
	Total		3245

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII (2)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 68 (2216) ന്റെ ഉത്തരം കാണുക)

WB assisted ICDS Phase III Projects 23

Sl.No.	*Name of Projects*	*District*	*No.of AWCs*
1.	Vellanad	Thiruvananthapuram	207
2.	Parassala	Thiruvananthapuram	171
3.	Mukhathala	Kollam	254
4.	Kollam Punalur(U)	Kollam	186
5.	Koippuram	Pathanamthitta	122
6.	Ettumannoor	Kottayam	191
7.	Erattupetta	Kottayam	98
8.	Uzhavoor	Kottayam	144
9.	Alangad	Ernakulam	114
10.	Angamaly	Ernakulam	180
11.	Kothamangalam	Ernakulam	151
12.	Edappally	Ernakulam	87
13.	Moovattupuzha	Ernakulam	137
14.	Palluruthy	Ernakulam	58
15.	Cherppu	Trissur	181
16.	Kodungalloor	Trissur	94
17.	Kodakara	Trissur	196
18.	Mathilakam	Trissur	137
19.	Malappuram(U)	Malappuram	158
20.	Kozhikode(U-III)	Kozhikode	167
21.	Thodannoor	Kozhikode	119
22.	Thuneri	Kozhikode	126
23.	Vadakara	Kozhikode	114
	Total		*3392*

അനുബന്ധം XVIII

13-3-2000 ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 102 (2258) ന്റെ ഉത്തരം കാണുക

കേരള സർക്കാർ

തദ്ദേശ ഭരണ (ഇ) വകുപ്പ്

35071/ഇ3/99/തഭവ. തിരുവനന്തപുരം

തീയതി : 7.8.1999

സർക്കുലർ

വിഷയം : - അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1147/2010.

LIBRARY ARCHIVES Kerala Legislative Assembly